പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 6653

12-07-2012 ൽ മറുപടിക്ക്

കെ.എസ്.ഇ.ബി യിൽ സർട്ടിഫിക്കറ്റ്/ഡിപ്ലോമ ഹോൾഡേഴ് സിന്റെ സ്ഥാനക്കയറ്റം

**ചോദ്യം**

ശ്രീ . മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബിയിൽ സബ് എഞ്ചിനിയർ (സിവിൽ) സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിന് അസിസ്റ്റൻറ് എഞ്ചിനിയറായി സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് ബോർഡിന്റെ അഭിപ്രായം വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള ചട്ടങ്ങൾ അസിസ്റ്റൻറ് എഞ്ചിനിയർ (സിവിൽ) തസ്തികയിലേക്ക് സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിന് പ്രമോഷൻ നൽകുന്നതിന് തടസ്സമാകയാൽ അതിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് തൊഴിലാളികളുടേയും ഓഫീസർമാരുടേയും സംഘടനകളുമായി ചർച്ച ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് . |
| (ബി) | സബ് എഞ്ചിനിയർമാരിൽ സർട്ടിഫിക്കറ്റ് /ഡിപ്ലോമ ഹോൾഡേഴ്സിന് പ്രത്യേക ഗ്രഡേഷൻ ലിസ്റ്റ് നിലവിലുണ്ടോ; ആയതു സംബന്ധിച്ച് ഹൈക്കോടതി വിധി നിലനിൽക്കുന്നുണ്ടോ; ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | സബ് എഞ്ചിനിയർമാരുടെ സർട്ടിഫിക്കറ്റ്/ ഡിപ്ലോമ ഹോൾഡേഴ്സിന്റെ പ്രത്യേക ഗ്രഡേഷൻ ലിസ്റ്റ് നിലവിലില്ല. ഇത് സംബന്ധിച്ച് ഹൈക്കോടതി വിധിയും നിലവിലില്ല.<br>കെ.എസ്.&എസ്.എസ്.ആർ-ലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നത്. യോഗ്യത അനുസരിച്ചുള്ള പ്രത്യേക ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുവാൻ കെ.എസ്.&എസ്. എസ്.ആർ അനുശാസിക്കാത്തതിനാൽ ഇതുവരെയും അത്തരത്തിലുള്ള ഒരു ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ